170/2010-M

ചോദ്യ പുസ്തക അക്ഷര കോഡ്: **A**

ചോദ്യ പുസ്തക ക്രമ നമ്പർ: 395909

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ഉത്തരക്കടലാസിന്റെ 'പാർട്ട് ബി'യിൽ ചോദ്യ പുസ്തക അക്ഷര കോഡ് എന്ന കോളത്തിൽ, നിങ്ങൾക്ക് ലഭിച്ച ചോദ്യ പുസ്തകത്തിലെ അക്ഷര കോഡ് അച്ചടിച്ചിട്ടുള്ള കുമിള (ബബിൾ) പൂർണ്ണമായി കറുപ്പിക്കേണ്ടതാണ്.
7. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
8. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
9. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
10. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
11. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
12. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
13. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
14. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

# 170/2010-M

Maximum : 100 marks

Time : 1 hour and 15 minutes

1. മലയാളത്തിൽ കണ്ടുകിട്ടിയിട്ടുള്ളതിൽ വച്ച് ഏറ്റവും പഴക്കമുള്ള ഗദ്യകൃതി :

    (A) ഭാഷാകൗടലീയം (B) ബ്രഹ്മാണ്ഡപുരാണം

    (C) ഭാഗവതം ഭാഷ (D) രാമചരിതം

2. വ്യാസഭാരതത്തെ വൃത്താനുവൃത്തമായി മലയാളത്തിലേക്കു തർജ്ജമ ചെയ്ത കവി :

    (A) എഴുത്തച്ഛൻ (B) വള്ളത്തോൾ

    (C) കുഞ്ഞിക്കുട്ടൻ തമ്പുരാൻ (D) കുമാരനാശാൻ

3. "ഒലിവർ ട്വിസ്റ്റ്" എന്ന കൃതിയുടെ ഗ്രന്ഥകർത്താവാര്?

    (A) ഇ.എം. ഫോസ്റ്റർ (B) ചാൾസ് ഡിക്കൻസ്

    (C) റൂസ്സോ (D) ഹെമിംഗ് വേ

4. ഇന്ത്യാ ഗവൺമെന്റിന് ആവശ്യമായ നിയമോപദേശം നൽകുന്നത് :

    (A) കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ (B) ചീഫ് ജസ്റ്റിസ്

    (C) അറ്റോർണി ജനറൽ (D) അഡ്വക്കേറ്റ് ജനറൽ

5. ആഗ്ര നഗരം സ്ഥിതിചെയ്യുന്നത് ഏത് നദീതീരത്താണ്?

    (A) ഗംഗ (B) യമുന

    (C) സിന്ധു (D) ബ്രഹ്മപുത്ര

6. നാഷണൽ ഡിഫൻസ് അക്കാദമി എവിടെ സ്ഥിതിചെയ്യുന്നു?

    (A) ന്യൂഡൽഹി (B) ഡെറാഡൂൺ

    (C) ഖഡകവാസ്ല (D) പൂന

7. പ്ലാനിംഗ് കമ്മീഷന്റെ ചെയർമാൻ ആരാണ്?

    (A) കേന്ദ്ര ധനകാര്യമന്ത്രി (B) പ്രധാനമന്ത്രി

    (C) രാഷ്ട്രപതി (D) ലോകസഭാസ്പീക്കർ

8. ഖാജുറാവോ ക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്നത് എവിടെ?

    (A) ഭോപ്പാൽ (B) ഡൽഹി

    (C) മഹാരാഷ്ട്ര (D) ഹരിയാന

9. "വിജയ് ഘട്ട്" ആരുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) മഹാത്മാഗാന്ധി (B) ജവഹർലാൽ നെഹ്റു

(C) ഇന്ദിരാഗാന്ധി (D) ലാൽ ബഹദൂർ ശാസ്ത്രി

10. വൈദ്യുത ബൾബിനുള്ളിലെ ഫിലമെന്റ് നിർമ്മിച്ചിരിക്കുന്ന വസ്തു :

(A) ചെമ്പ് (B) നിക്രോം

(C) ടങ്സ്റ്റൺ (D) നിക്കൽ

11. മനുഷ്യൻ ആദ്യമായി കണ്ടെത്തി ഉപയോഗിച്ച ലോഹം ഏത്?

(A) ഇരുമ്പ് (B) ചെമ്പ്

(C) അലുമിനിയം (D) ഓട്

12. ഒരു ബാറ്ററിയുടെ വിദ്യുത് ചാലക ബലം (EMF) അളക്കുന്നത് —————— ഉപയോഗിച്ചാണ്.

(A) വോൾട്ട് മീറ്റർ (B) വോൾട്ടാമീറ്റർ

(C) ഗാൽവനോമീറ്റർ (D) അമ്മീറ്റർ

13. ഏറ്റവും ഭാരം കുറഞ്ഞ ലോഹം ഏത്?

(A) അലുമിനിയം (B) വെള്ളി

(C) ലിഥിയം (D) ടിൻ

14. ചുവന്നുള്ളിയുടെ നീറ്റലിനു കാരണമായ വസ്തു ഏത്?

(A) പൊട്ടാസ്യം (B) കാൽസ്യം

(C) ഫോസ്ഫറസ് (D) മഗ്നീഷ്യം

15. കളിമണ്ണിന്റെ രാസനാമം :

(A) അലുമിനിയം സിലിക്കേറ്റ് (B) സോഡിയം സിലിക്കേറ്റ്

(C) സോഡിയം കാർബണേറ്റ് (D) കാൽസ്യം കാർബണേറ്റ്

16. കണ്ടാമൃഗത്തിന്റെ കൊമ്പ് എന്ത് രൂപാന്തരം പ്രാപിച്ചുണ്ടായതാണ്?

(A) ഉളിപ്പല്ല് (B) കോമ്പല്ല്

(C) മുഖത്തെ രോമങ്ങൾ (D) മൂക്കും മേൽചുണ്ടും

17. താഴെ പറയുന്നവയിൽ മഴമൂലം പരാഗണം നടക്കുന്ന സസ്യമാണ് :

(A) നെല്ല് (B) തെങ്ങ്

(C) കുരുമുളക് (D) കുമ്പളം

18. രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന വിറ്റാമിൻ :

(A) വിറ്റാമിൻ K
(B) വിറ്റാമിൻ C
(C) വിറ്റാമിൻ E
(D) വിറ്റാമിൻ A

19. ഏറ്റവും വലിയ ഇലയുള്ള സസ്യം :

(A) ക്ലാമിഡോമോണസ്
(B) വിക്ടോറിയ റീജിയ
(C) സെക്വയ
(D) വുൾഫിയ

20. ഉമിനീരിലുള്ള എൻസൈം ഏത്?

(A) റെനിൻ
(B) ഇൻസുലിൻ
(C) ടയലിൻ
(D) ലിപ്പേസ്

21. തീ അണക്കാൻ ഉപയോഗിക്കുന്ന വാതകം :

(A) കാർബൺഡയോക്സൈഡ്
(B) സൾഫർ ഡയോക്സൈഡ്
(C) നൈട്രജൻ
(D) ഓക്സിജൻ

22. മനുഷ്യശരീരത്തിൽ ഏറ്റവും കൂടുതലുള്ള ഭക്ഷണ ഘടകം :

(A) ജലം
(B) അന്നജം
(C) വിറ്റാമിനുകൾ
(D) മാംസ്യം

23. ഒരു സാധനത്തിന് 40% ലാഭം കിട്ടാൻ വേണ്ടി 70 രൂപ പരസ്യവിലയിട്ടാൽ വാങ്ങിയ വില :

(A) 50
(B) 100
(C) 30
(D) 40

24. $10^3$ ന്റെ വില :

(A) 20
(B) 1000
(C) 100
(D) 200

25. 100 രൂപയ്ക്ക് 6 മാസത്തെ പലിശ 7 രൂപയായാൽ പലിശനിരക്ക് :

(A) 12%
(B) 7%
(C) 14%
(D) 6%

26. $m^0 =$

(A) 1

(B) $m$

(C) 0

(D) 2

27. ഒരു ഭിന്നസംഖ്യയുടെ $\frac{1}{5}$ ഭാഗം 16 ആയാൽ സംഖ്യ :

(A) 21

(B) 40

(C) 80

(D) 20

28. 2 ആളുകൾക്ക് ഒരു ജോലി ചെയ്യുവാൻ 6 ദിവസം വേണമെങ്കിൽ 12 ആളുകൾക്ക് ആ ജോലി ചെയ്യുവാൻ വേണ്ട ദിവസം :

(A) 1

(B) 3

(C) 8

(D) 36

29. ഒരു സംഖ്യയുടെ $p\%$ ആണ് $q$ എങ്കിൽ സംഖ്യ :

(A) $\frac{100p}{q}$

(B) $\frac{100q}{p}$

(C) $\frac{q}{100p}$

(D) $\frac{p}{100q}$

30. $\sqrt{.0053}$ നോട് ഏറ്റവും അടുത്ത സംഖ്യ ഏത്?

(A) .02

(B) .2

(C) .07

(D) .007

31. താഴെ പറയുന്നവയിൽ ഒരു ത്രികോണത്തിന്റെ വശങ്ങളാകാൻ സാദ്ധ്യതയുള്ളത് :

(A) 2, 3, 7

(B) 1, 3, 4

(C) 10, 6, 15

(D) 2, 4, 6

32. $2x^2 - 3x - 9$ എന്ന വാചകത്തിൽ $x = -3$ എന്ന വില കൊടുക്കുമ്പോൾ :

(A) 0

(B) –18

(C) 18

(D) 24

33. ഹൈഡ്രജൻ ബോംബിന്റെ പിതാവ് :

(A) എഡ്വേർഡ് ജെന്നർ

(B) എഡ്വേർഡ് ടെല്ലർ

(C) എഡ്മണ്ട് ഹാലി

(D) എഡിസൺ

34. രക്തത്തിലെ വിഷവസ്തുക്കളെ നീക്കം ചെയ്യുന്ന അവയവം :

(A) കരൾ
(B) ഹൃദയം
(C) വൃക്ക
(D) ശ്വാസകോശം

35. രോഗങ്ങളെക്കുറിച്ചുള്ള പഠനം :

(A) പാത്തോളജി
(B) പെഡഗോഗി
(C) ഓൺകോളജി
(D) പാലിയന്റോളജി

36. ഓർമ്മ, ചിന്ത, വികാരം തുടങ്ങിയവയുടെ കേന്ദ്രം :

(A) സെറിബല്ലം
(B) സെറിബ്രം
(C) മെഡുല്ല ഒബ്ലാംഗേറ്റ
(D) ഹൈപ്പോതലാമസ്

37. തീപ്പെട്ടിക്കൊള്ളിയുടെ അറ്റത്ത് ഉപയോഗിക്കുന്ന രാസവസ്തു ഏത്?

(A) പൊട്ടാസ്യം ക്ലോറൈഡ്
(B) പൊട്ടാസ്യം ക്ലോറേറ്റ്
(C) സോഡിയം ക്ലോറൈഡ്
(D) പൊട്ടാസ്യം സൾഫേറ്റ്

38. മനുഷ്യശരീരത്തിൽ ഏറ്റവും കൂടുതലുള്ള ലോഹം :

(A) അയേൺ
(B) കാൽസ്യം
(C) മഗ്നീഷ്യം
(D) ഫോസ്ഫറസ്

39. മുങ്ങിക്കപ്പലുകളിൽ ഓക്സിജന്റെ പോരായ്മ നികത്തുവാൻ ഉപയോഗിക്കുന്ന വസ്തു :

(A) പൊട്ടാസ്യം ക്ലോറേറ്റ്
(B) പൊട്ടാസ്യം ക്ലോറൈഡ്
(C) സോഡിയം കാർബണേറ്റ്
(D) സോഡിയം പെറോക്സൈഡ്

40. പക്ഷിപ്പനിക്ക് കാരണമായ വൈറസ് :

(A) $H_1N_5$
(B) $H_5N_1$
(C) $NH_{51}$
(D) $H_{51}N$

41. ടൈഫോയ്ഡ് എന്ന രോഗം ബാധിക്കുന്ന ശരീര അവയവം :

(A) പ്ലീഹ
(B) കുടൽ
(C) ശ്വാസകോശം
(D) കരൾ

42. കേരളത്തിലെ കായലുകളുടെ എണ്ണം :

(A) 36
(B) 34
(C) 44
(D) 48

43. ഇന്ത്യയുടെ ഏറ്റവും ചെറിയ അയൽ രാജ്യം :

(A) നേപ്പാൾ
(B) മ്യാൻമർ
(C) ഭൂട്ടാൻ
(D) ബംഗ്ലാദേശ്

44. കേരളത്തിലെ ഗതാഗതമേഖലയിൽ ഗവേഷണ, പരിശീലന, കൺസൾട്ടൻസി പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനം :

(A) കെ.എസ്.ആർ.ടി.സി.
(B) ഗതാഗത വകുപ്പ്
(C) റോഡ് സേഫ്റ്റി കൗൺസിൽ
(D) നാറ്റ്പാക്

45. കേന്ദ്ര സർക്കാറിന്റെ ഏറ്റവും പ്രധാന വരുമാനമാർഗ്ഗമായ നികുതി :

(A) കസ്റ്റംസ് നികുതി
(B) എക്സൈസ് നികുതി
(C) വിൽപന നികുതി
(D) ആദായ നികുതി

46. ഇന്ത്യൻ ഭരണഘടന അംഗീകരിച്ച ഭാഷകൾ എത്ര?

(A) 18
(B) 25
(C) 14
(D) 22

47. ധർമ്മരാജ എന്ന പേരിൽ അറിയപ്പെട്ടിരുന്ന തിരുവിതാംകൂർ രാജാവ് :

(A) കാർത്തിക തിരുനാൾ രാമവർമ്മ
(B) വിശാഖം തിരുനാൾ രാമവർമ്മ
(C) അവിട്ടം തിരുനാൾ രാമവർമ്മ
(D) മാർത്താണ്ഡവർമ്മ

48. കേരളത്തിന്റെ കടൽത്തീരത്തിന്റെ നീളം :

(A) 680 km
(B) 580 km
(C) 480 km
(D) 780 km

49. ഇന്ത്യൻ ഭരണഘടനയുടെ കാവൽക്കാരൻ :

(A) പാർലമെന്റ്
(B) സുപ്രീംകോടതി
(C) പ്രധാനമന്ത്രി
(D) രാഷ്ട്രപതി

50. മൗലിക കർത്തവ്യങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചത് ഏത് ഭേദഗതി അനുസരിച്ചാണ് ?

(A) 32
(B) 46
(C) 42
(D) 15

51. കേരളഗാന്ധി എന്നറിയപ്പെടുന്നത് :

(A) കെ. കേളപ്പൻ
(B) ഐ.കെ. കുമാരൻ മാസ്റ്റർ
(C) സി. കേശവൻ
(D) മന്നത്ത് പത്മനാഭൻ

52. ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ് സ്ഥിതിചെയ്യുന്നതെവിടെ?

(A) കോട്ടയം
(B) കോഴിക്കോട്
(C) കണ്ണൂർ
(D) തിരുവനന്തപുരം

53. നബാർഡ് രൂപീകരിക്കപ്പെട്ട വർഷം :

(A) 1978
(B) 1982
(C) 1984
(D) 1974

54. കേരളത്തിൽ കച്ചവടത്തിനായി എത്തിയ ആദ്യ വിദേശികൾ :

(A) പോർട്ടുഗീസുകാർ
(B) ഡച്ചുകാർ
(C) അറബികൾ
(D) ഇംഗ്ലീഷുകാർ

55. ഇന്ത്യയിൽ പ്രിവിപേഴ്സ് നിർത്തലാക്കിയ പ്രധാനമന്ത്രി :

(A) ഇന്ദിരാഗാന്ധി
(B) രാജീവ്ഗാന്ധി
(C) വാജ്പേയി
(D) നരസിംഹറാവു

56. കേരളത്തിലെ നിയമസഭാ മണ്ഡലങ്ങളുടെ എണ്ണം :

(A) 145
(B) 142
(C) 151
(D) 140

57. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ചെറുകിട വ്യവസായം :

(A) കയർ
(B) ചണം
(C) കൈത്തറി
(D) കശുവണ്ടി

58. ഇന്ത്യയിൽ ആദ്യമായി പഞ്ചായത്ത് രാജ് നടപ്പിലാക്കിയ സംസ്ഥാനം :

(A) രാജസ്ഥാൻ
(B) ഗുജറാത്ത്
(C) തമിഴ്നാട്
(D) കേരളം

59. ടെസ്റ്റ് ക്രിക്കറ്റിൽ ട്രിപ്പിൾ സെഞ്ച്വറി നേടിയ ആദ്യ ഇന്ത്യക്കാരൻ :

(A) സച്ചിൻ ടെണ്ടുൽക്കർ
(B) വീരേന്ദ്ര സേവാഗ്
(C) വി.വി.എസ്. ലക്ഷ്മണൻ
(D) രാഹുൽ ദ്രാവിഡ്

60. സയന്റിഫിക് സോഷ്യലിസത്തിന്റെ പിതാവ് :

(A) മുസ്സോളിനി
(B) തോമസ് ജെഫേഴ്സൺ
(C) കാറൽ മാർക്സ്
(D) എബ്രഹാം ലിങ്കൺ

61. ബോൾഗാട്ടി പാലസ് നിർമ്മിച്ചത് :

(A) ഇംഗ്ലീഷുകാർ
(B) ഫ്രഞ്ചുകാർ
(C) ഡച്ചുകാർ
(D) പോർട്ടുഗീസുകാർ

62. NH 17 ഏതെല്ലാം സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു?

(A) കന്യാകുമാരി-സേലം
(B) ഇടപ്പള്ളി-പനവേൽ
(C) കൊല്ലം-തേനി
(D) കോഴിക്കോട്-മൈസൂർ

63. നിർമ്മാല്യം എന്ന ചിത്രം സംവിധാനം ചെയ്തത് :

(A) അരവിന്ദൻ
(B) അടൂർ ഗോപാലകൃഷ്ണൻ
(C) എം.ടി. വാസുദേവൻ നായർ
(D) ജോൺ എബ്രഹാം

64. കേരളത്തിലെ കശുവണ്ടി ഗവേഷണ കേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലം :

(A) ചാലക്കുടി
(B) ഓടക്കാലി
(C) ആനക്കയം
(D) ചുണ്ടൽ

65. താഴെ പറയുന്നവയിൽ റാബി വിളകളിൽ ഉൾപ്പെടുന്നത് :

(A) നെല്ല്
(B) ചോളം
(C) ബാർലി
(D) പരുത്തി

66. ആദ്യമായി ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ ഇന്ത്യൻ പ്രധാനമന്ത്രി :

(A) ലാൽ ബഹദൂർ ശാസ്ത്രി
(B) ജവഹർലാൽ നെഹ്റു
(C) മൊറാർജി ദേശായി
(D) ഇന്ദിരാഗാന്ധി

67. ഇന്ത്യയുടെ ദേശീയ വിനോദം :

(A) ക്രിക്കറ്റ്
(B) ഫുട്ബോൾ
(C) ടെന്നീസ്
(D) ഹോക്കി

68. പാൽ ഉൽപാദിപ്പിക്കുന്ന പക്ഷി :

(A) പെൻഗ്വിൻ
(B) യമു
(C) പ്രാവ്
(D) ഒട്ടകപക്ഷി

69. കംപ്യൂട്ടർ വൈറസ് എന്നത് ഒരു :

(A) ഇലക്ട്രോണിക് ഉപകരണം
(B) കംപ്യൂട്ടർ ഭാഷ
(C) കംപ്യൂട്ടർ പ്രോഗ്രാം
(D) കംപ്യൂട്ടറിനെ നശിപ്പിക്കുന്ന ഒരു ജീവി

70. ഇലക്ട്രോണിക്സിലെ അത്ഭുത ശിശു എന്നറിയപ്പെടുന്നത് :

(A) കപ്പാസിറ്റർ
(B) ട്രാൻസിസ്റ്റർ
(C) ഡയോഡ്
(D) ആംപ്ലിഫയർ

71. കേരളത്തിലെ ജില്ലകളിൽ സമുദ്രതീരമില്ലാത്തതും സംസ്ഥാനത്തെ ജില്ലകളാൽ മാത്രം എല്ലാ വശവും ചുറ്റപ്പെട്ടതുമായ ഏക ജില്ല :

(A) മലപ്പുറം
(B) കോട്ടയം
(C) പത്തനംതിട്ട
(D) ഇടുക്കി

72. ഇന്ത്യയിൽ ക്ലാസ്സിക്കൽ പദവി ലഭിച്ച ആദ്യ ഭാഷ :

(A) മലയാളം
(B) തമിഴ്
(C) തെലുങ്ക്
(D) കന്നഡ

73. 2009 ലെ ഇന്ദിരാഗാന്ധി സമാധാന പുരസ്കാരം നേടിയ വ്യക്തി :

(A) ബീഗം ഖാലിയ സിയ
(B) ഷേക്ക് ഹസീന
(C) വംഗാരി മാതായി
(D) മഹീന്ദ്ര രാജപക്സെ

74. സംസ്ഥാന വികസന സമിതിയുടെ അദ്ധ്യക്ഷൻ :

(A) ഗവർണ്ണർ
(B) മുഖ്യമന്ത്രി
(C) റവന്യൂമന്ത്രി
(D) വ്യവസായ മന്ത്രി

75. കേരള നിയമസഭയെ ആദ്യമായി അഭിസംബോധന ചെയ്ത രാഷ്ട്രപതി :

(A) എ.പി.ജെ. അബ്ദുൽ കലാം
(B) പ്രതിഭാ പാട്ടീൽ
(C) ആർ. വെങ്കിട്ടരാമൻ
(D) കെ.ആർ. നാരായണൻ

76. ഭാരതത്തിന്റെ തപാൽ സ്റ്റാമ്പിൽ ആദ്യമായി പ്രത്യക്ഷപ്പെട്ട മലയാളി :

(A) ഇ.എം.എസ്. നമ്പൂതിരിപ്പാട്
(B) എ.കെ. ഗോപാലൻ
(C) ശ്രീനാരായണഗുരു
(D) ചട്ടമ്പി സ്വാമികൾ

77. കേരളത്തിലെ ആദ്യ വന്യജീവി സങ്കേതം :

(A) പെരിയാർ
(B) പറമ്പിക്കുളം
(C) വയനാട്
(D) ചെന്തുരുണി

78. വിനോദസഞ്ചാരം വ്യവസായമായി അംഗീകരിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം :

(A) കേരളം
(B) തമിഴ്നാട്
(C) കർണ്ണാടക
(D) ഗുജറാത്ത്

79. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി :

(A) ആർ. ശങ്കർ
(B) പട്ടം താണുപിള്ള
(C) ജോസഫ് മുണ്ടശ്ശേരി
(D) ടി.വി. തോമസ്

80. സ്ത്രീകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സീറ്റ് സംവരണം ചെയ്യപ്പെട്ടത് ഏത് ഭരണഘടന ഭേദഗതിയിലൂടെയാണ്?

(A) 73
(B) 45
(C) 79
(D) 80

81. ഒരു തംബുരുവിൽ എത്ര കമ്പികൾ ഉണ്ട്?

(A) 10
(B) 4
(C) 8
(D) 6

82. സിന്ധുനദീതട നാഗരികതയുടെ കാലഘട്ടം :

(A) 1500-100 BC
(B) 4500-3000 BC
(C) 3000-1500 BC
(D) 1000-500 BC

83. കൊല്ലവർഷം ആരംഭിച്ചത് :

(A) A.D. 826
(B) A.D. 825
(C) A.D. 824
(D) A.D. 827

84. 'സമ്മർ ഇൻ കൽക്കത്ത' എന്ന കവിതാസമാഹാരത്തിന്റെ കർത്താവ് :

(A) മാധവിക്കുട്ടി
(B) ബാലാമണിയമ്മ
(C) സുഗതകുമാരി
(D) മേരി ജോൺ തോട്ടം

85. താഴെ പറയുന്നവയിൽ കർണ്ണാടകത്തിലേക്ക് ഒഴുകുന്ന നദി :

(A) കബനി
(B) ഭവാനി
(C) പമ്പാറ്
(D) കൽനാട്

86. കൊച്ചി കപ്പൽ നിർമ്മാണശാലയിൽ നിർമ്മിച്ച ആദ്യത്തെ കപ്പൽ :

(A) എം.വി. മറത്താമിഷൻ
(B) എം.വി.ജെ ഷാലിൻ
(C) എം.വി. രത്നദീപ്
(D) എം.വി. റാണിപത്മിനി

87. വേലുത്തമ്പി ദളവ ആത്മഹത്യ ചെയ്ത സ്ഥലം :

(A) മണ്ണടി
(B) വയനാട്
(C) കുണ്ടറ
(D) കുറുമ്പ്രനാട്

88. ഗാന്ധിജി കോൺഗ്രസ്സ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സമ്മേളനം :

(A) മുംബൈ
(B) കൽക്കട്ട
(C) ബെൽഗാം
(D) പൂനെ

89. കേരളത്തിലെ ആദ്യത്തെ ഗവർണ്ണർ :

(A) വി. വിശ്വനാഥൻ
(B) വി.വി. ഗിരി
(C) ബി. രാമകൃഷ്ണറാവു
(D) ഡോ. നാഗേന്ദ്രസിങ്

90. ഏഷ്യയിലെ ഏറ്റവും വലിയ നേവൽ അക്കാദമി :

(A) ഏഴിമല
(B) ഡറാഡൂൺ
(C) ഹൈദരാബാദ്
(D) കർവാർ

91. കേരളത്തിൽ ഏറ്റവും കൂടുതൽ താലൂക്കുകൾ ഉള്ള ജില്ല :

(A) മലപ്പുറം
(B) പാലക്കാട്
(C) എറണാകുളം
(D) തിരുവനന്തപുരം

92. ബ്രിട്ടീഷ് പാർലമെന്റ് അംഗമായ ആദ്യ ഇന്ത്യക്കാരൻ :

(A) രാജാറാം മോഹൻ റോയ്
(B) ദാദാ ബായ് നവറോജി
(C) ഡബ്ലിയു. സി. ബാനർജി
(D) എസ്.പി. സിൻഹ

93. കേരള ചരിത്ര മ്യൂസിയം സ്ഥിതിചെയ്യുന്നതെവിടെ?

(A) ഇടപ്പള്ളി
(B) കൊടുങ്ങല്ലൂർ
(C) കൊട്ടാരക്കര
(D) ഉള്ളൂർ

94. ആദ്യത്തെ ജൈനമത സമ്മേളനം നടന്ന സ്ഥലം :

(A) രാജ്യഗൃഹം
(B) വൈശാലി
(C) പാടലീപുത്രം
(D) വല്ലഭി

95. ചാലൂക്യ രാജവംശത്തിന്റെ തലസ്ഥാനം :

(A) കനൗജ്
(B) വാതാപി
(C) പെഷവാർ
(D) ശ്രീകാകുളം

96. ബാലവേല ഉപയോഗിക്കാത്ത ഉൽപന്നങ്ങൾക്ക് നൽകുന്ന ഗുണമേന്മ മുദ്രയാണ് :

(A) ഇക്കോ മാർക്ക്
(B) അഗ് മാർക്ക്
(C) റഗ് മാർക്ക്
(D) ട്രേഡ് മാർക്ക്

97. ബാബറി മസ്ജിദ് തകർത്തതിനെപ്പറ്റി അന്വേഷിച്ച കമ്മീഷൻ :

(A) ലിബർഹാൻ കമ്മീഷൻ
(B) വാദ്വാ കമ്മീഷൻ
(C) നരസിംഹം കമ്മീഷൻ
(D) യു.സി. ബാനർജി കമ്മീഷൻ

98. മരണാനന്തര ബഹുമതിയായി ഭാരതരത്നം ലഭിച്ച ആദ്യത്തെ വനിത :

(A) ഇന്ദിരാഗാന്ധി
(B) അരുണ ആസഫ് അലി
(C) മദർ തെരേസ
(D) സുചേത കൃപലാനി

99. മുഗൾ രാജാക്കന്മാരുടെ സുവർണ്ണകാലഘട്ടം എന്നറിയപ്പെടുന്നത് ആരുടെ കാലത്താണ്?

(A) ഷാജഹാൻ
(B) ബാബർ
(C) അക്ബർ
(D) ജഹാംഗീർ

100. "കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം"

ആരുടെ വരികളാണിത്?

(A) ഇടപ്പള്ളി രാഘവൻ പിള്ള
(B) ചെറുകാട് ഗോവിന്ദ പിഷാരടി
(C) ചങ്ങമ്പുഴ കൃഷ്ണപിള്ള
(D) വയലാർ രാമവർമ്മ